**പതിനാലാം കേരളനിയമസഭ**

**ഇരുപത്തിരണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം: *14** — **12.01.2021-ൽ മറുപടിക്ക്**

## നൂറുദിന കർമ്മ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ . പി . അനിൽ കുമാർ<br>ശ്രീ. അനിൽ അക്കര<br>ശ്രീ. ടി. ജെ. വിനോദ്<br>ശ്രീ. വി. പി. സജീന്ദ്രൻ | **പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| (എ) നൂറുദിന കർമ്മ പദ്ധതിയുടെ തുടർച്ചയായി രണ്ടാം ഘട്ട നൂറുദിന പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ; ഏതൊക്കെ പുതിയ പദ്ധതികളാണ് ഇതിൽ ഉൾക്കൊള്ളി ച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) 2020 ആഗസ്റ്റിൽ പ്രഖ്യാപിച്ച ആദ്യ നൂറുദിന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കുമോ; | (ബി) ഒന്നാംഘട്ട നൂറുദിന കർമ്മപരിപാടിയിൽ (2020 സെപ്റ്റംബർ 1 മുതൽ ഡിസംബർ 9 വരെ) ഉൾപ്പെടുത്തി നൂറു പദ്ധതികളാണ് പ്രഖ്യാപിച്ചിരുന്നത്. എന്നാൽ ആദ്യം പ്രഖ്യാപിക്കാത്ത പദ്ധതികളും പിന്നീട് വകുപ്പുകൾ പ്രസ്തുത കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തുകയുണ്ടായി. അങ്ങനെ ആകെയുള്ള 156 പദ്ധതികളിൽ 115 എണ്ണം സമയബന്ധിതമായി പൂർത്തീകരിച്ചിട്ടുണ്ട്. ഒന്നാംഘട്ടത്തിൽ പൂർത്തീകരി ക്കുവാൻ സാധിക്കാത്തവ രണ്ടാം ഘട്ടത്തിൽ പൂർത്തീകരിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്. |
| (സി) ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ള പുതിയ പദ്ധതികൾക്ക് ആവശ്യമായ പണം എപ്രകാരം കണ്ടെത്തുവാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ; | (സി) ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്കീമുകളിൽ പലതും മുമ്പ് പ്രഖ്യാപിച്ചിട്ടുള്ളവയും ബജറ്റിൽ ഉൾപ്പെടുന്നവയുമാണ്. കോവിഡിന്റെ പശ്ചാത്തലത്തിൽ ഈ പ്രവർത്തനങ്ങൾ സമയബന്ധിതമായി തീർക്കുന്നതിനുള്ള നടപടിയാണ് 100 ദിന കർമ്മ പദ്ധതി. ഇതിനു പുറമെ ഏതാനും സ്കീമുകൾ |

പുതിയതായും ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിലുള്ള വിഭവങ്ങളുടെ യുക്തിസഹമായ പുനഃക്രമീകരണത്തിലൂടെയും നടപ്പ് വർഷം നടപ്പിലാക്കാൻ സാധ്യതയില്ലാത്തതും അത്യാവശ്യമല്ലാത്തതുമായ ചെലവുകൾ മാറ്റിവച്ചുമാണ് വരുമാന സ്രോതസ് കണ്ടെത്തുന്നത്. നൂറുദിന കർമ്മ പരിപാടിക്ക് ഇപ്രകാരമാണ് വിഹിതം കണ്ടെത്തുന്നത്.

| | |
|---|---|
| (ഡി) സംസ്ഥാനം ദൈനംദിന കാര്യങ്ങൾക്ക് പോലും കടം എടുക്കേണ്ട സ്ഥിതിയിൽ നിൽക്കുമ്പോൾ വിഭവസമാഹരണം സംബന്ധിച്ച് യാതൊന്നും പറയാതെ പുതിയ പദ്ധതികൾ പ്രഖ്യാപിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

# രണ്ടാം ഘട്ട 100 ദിന പരിപാടി

## തൊഴിൽ

1. രണ്ടാം ഘട്ടത്തിലൽ 50,000 പേർക്ക് തൊഴിൽ നൽകും.

1. കുടുംബശ്രീ സ്റ്റാർട്ട് അപ്പ് വില്ലേജ് എൻറർപ്രണർഷിപ്പ് പ്രോഗ്രാമിൽ 15000 സംരംഭങ്ങൾ
2. കുടുംബശ്രീയുടെ ആഭിമുഖ്യത്തിലുള്ള കേരള ചിക്കൻ ഔട്ലറ്റുകൾ, പുതിയ ജനകീയ ഹോട്ടലുകൾ, കയർ ആൻഡ് ക്രാഫ്റ്റ് സ്റ്റോറുകൾ, ഹോംഷോപ്പികൾ എന്നിവിടങ്ങളിൽ 2500 പേർക്ക് തൊഴിൽ
3. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം തീരമേഖലയിൽ 380 ജോയിൻറ് ലയബിലിറ്റി ഗ്രൂപ്പുകൾ രൂപീകരിച്ച് 1750 പേർക്ക് തൊഴിൽ
4. തീരമൈത്രി സീഫുഡ് റെസ്റ്റോറൻറ് പദ്ധതി, ചെറുകിട സംരംഭങ്ങൾ എന്നിവയിൽ 600 പേർക്ക് തൊഴിൽ
5. വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിലായി 1228 സ്ഥിരം തൊഴിലും 5090 താൽക്കാലിക തൊഴിലുകളുമടക്കം 6000 പുതിയ തൊഴിലവസരങ്ങൾ വ്യവസായ മേഖലയിൽ.
6. ആത്മനിർഭർ ഭാരത് പദ്ധതിയും സംസ്ഥാന സൂക്ഷ്മ ചെറുകിട സംരംഭ വികസന പരിപാടിയുടെ സംയോജിപ്പിച്ച് 18000 പുതിയ തൊഴിലവസരങ്ങൾ.
7. പിന്നോക്ക വികസന കോർപറേഷൻ, എസ്.സി എസ്.ടി വികസന കോർപറേഷൻ, വനിതാ വികസന കോർപറേഷൻ തുടങ്ങിയയുടെ വായ്പാ പദ്ധതിയിലൂടെ 2500 പേർക്ക് തൊഴിൽ.
8. കേരള ബാങ്ക്, പ്രാഥമിക സഹകരണ ബാങ്കുകൾ എന്നിവയിലെ വായ്പകളിലൂടെ 10000 പേർക്ക് തൊഴിൽ.
9. പ്രാഥമിക സഹകരണ ബാങ്കുകളുടെ നേതൃത്വത്തിലുള്ള കോപ് മാർട്ട്, നാളികേര സംസ്കരണ യൂണിറ്റുകൾ തുടങ്ങിയവയിലൂടെ 1000 പേർക്ക് തൊഴിൽ.
10. യന്ത്രവത്കൃത കയർ മേഖലയിൽ 500 പേർക്ക് തൊഴിൽ.
11. കശുവണ്ടി കോർപറേഷനും കാപ്പെക്സും 2000 പേർക്കു കൂടി തൊഴിൽ.

## സാധാരണക്കാർക്ക് സംരക്ഷണം

1. 2021 ജനുവരി 1 മുതൽ ക്ഷേമപെൻഷനുകൾ 100 രൂപ വീതം വർദ്ധിപ്പിച്ച് 1500 രൂപ.

2. 153 കുടുംബശ്രീ ഭക്ഷണശാലകൾ.

3. സൗജന്യ പലവ്യഞ്ജന കിറ്റുകൾ അടുത്ത നാല് മാസവുംകൂടി എല്ലാ റേഷൻ കാർഡ് ഉടമകൾക്കും റേഷൻ കടകൾ വഴി വിതരണം.

## ഭക്ഷ്യ-പൊതുവിതരണം

1. 20 മാവേലി സ്റ്റോറുകൾ സൂപ്പർ മാർക്കറ്റുകളായും 5 എണ്ണം സൂപ്പർ സ്റ്റോറുകളായും ഉയർത്തൽ

2. റേഷൻ ചരക്ക നീക്കം നിരീക്ഷിക്കുന്നതിന് ജിപിഎസ് സംവിധാനവും കേന്ദ്രീകൃത മോണിറ്ററിംഗും നടപ്പിലാക്കൽ

## വ്യവസായം

1. മാർച്ച് 31 ന് മുമ്പ് ഉദ് ഘാടനം നടത്തപ്പെടുന്ന വ്യവസായ പദ്ധതികൾ

    1. പ്രതിരോധ പാർക്ക്, പാലക്കാട് (131 കോടി രൂപ)
    2. ലൈറ്റ് എഞ്ചിനീയറിംഗ് പാർക്ക്, പാലക്കാട് രണ്ടാംഘട്ടം (17 കോടി രൂപ)
    3. മെഗാഫുഡ് പാർക്ക്, ചേർത്തല (125 കോടി രൂപ)
    4. കെൽ പവർ ട്രാൻസ്ഫോർമർ നിർമ്മാണ യൂണിറ്റ്, മാമല (13 കോടി രൂപ)
    5. കെഎംഎംഎൽ സാങ്കേതികവിദ്യ നവീകരണ പ്രോജക്ട് (34 കോടി രൂപ)
    6. റ്റിസിസിഎൽ ഹൈഡ്രോക്ലോറിക് ആസിഡ് സിന്തസിസ് & കോജനറേഷൻ പ്ലാൻറ് (10 കോടി രൂപ)
    7. കൊല്ലം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ മോഡണൈസേഷൻ (57 കോടി രൂപ)
    8. കെഎസ്ഡിപിയിലെ നോൺ ബീറ്റാ ലാക്ടം ഇഞ്ചക്ടബിൾസ് യൂണിറ്റിൻറെ ഉദ് ഘാടനം (50 കോടി രൂപ)

2. മുട്ടം സ്പൈസസ് പാർക്കിൻറെ ശിലാസ്ഥാപനം

3. മലബാർ കോഫി പൗഡർ വിപണിയിലിറക്കുന്നതിനു മുന്നോടിയായി മലബാർ കോഫിയുടെ നിർമ്മാണത്തിനുള്ള എസ്പിവിക്ക് രൂപം നൽകൽ.

4. ആലപ്പുഴ കെഎസ്ഡിപിയുടെ 200 കോടി രൂപ മുതൽ മുടക്കുവരുന്ന ഓങ്കോളജി പാർക്കിനു തറക്കല്ലിടൽ.

5. അവയവദാന ശസ്ത്രക്രിയ കഴിഞ്ഞവർക്ക് സ്ഥിരമായി കഴിക്കേണ്ട 250 രൂപ മാർക്കറ്റ് വില വരുന്ന 5 ഇനം മരുന്നുകൾ ഗുണമേന്മ ഉറപ്പാക്കി അഞ്ചിലൊന്നു വിലയ്ക്ക് കെഎസ്ഡിപിയിൽ ഉൽപ്പാദനം ആരംഭിക്കും.

6. കയർ കോമ്പോസിറ്റ് ഫാക്ടറിയിൽ ബൈൻഡർ ലെസ് ബോഡ് നിർമ്മിക്കുന്നതിനുള്ള ലോകത്തെതന്നെ ആദ്യ പ്ലാൻറ് ഉദ് ഘാടനം

7. ആലപ്പുഴയിലെ ചെറുവാരണത്ത് ആദ്യത്തെ യന്ത്രവത് കൃത സഹകരണ ഫാക്ടറിയുടെ ഉദ് ഘാടനം. 100 യന്ത്രവത് കൃത യൂണിറ്റുകൾ പ്രവർത്തനം ആരംഭിക്കും.

8. വെർച്വൽ കയർ മേള ഫെബ്രുവരിയിൽ

9. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ വെള്ളൂർ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിൻറ് ഫാക്ടറി ക്രെഡിറ്റേഴ്സുമായുള്ള ബാധ്യത തീർത്ത് 146 കോടി രൂപ മുടക്കി കേരള സർക്കാർ ഏറ്റെടുക്കും.

**ടൂറിസം**

1. ചെത്തി കായികവിനോദ കേന്ദ്രത്തിന് തറക്കല്ലിടീൽ

2. 310 കോടി രൂപ ചെലവു വരുന്ന 27 ടൂറിസം വികസന പദ്ധതികളുടെ ഉദ്ഘാടനം.

**വൻകിട പദ്ധതികൾ**

1. ഗെയിൽ പൈപ്പ് ലെയിൻ കൊച്ചി-മംഗലാപുരം റീച്ച് ജനുവരി മാസത്തിൽ ഉദ്ഘാടനം

2. ഗെയിൽ പൈപ്പ് ലെയിൻ കൊച്ചി-പാലക്കാട് റീച്ച് ഫെബ്രുവരി മാസത്തിൽ ഉദ്ഘാടനം.

3. റായ്പ്പൂർ-പുഗലൂർ-മാടക്കത്തറ ലെയിൻ ജനുവരിയിൽ ഉദ്ഘാടനം.

4. കെ-ഫോൺ പദ്ധതി : സംസ്ഥാനതല കൺട്രോൾ റൂം, 14 ജില്ലാതല കേന്ദ്രങ്ങൾ, തെരഞ്ഞെടുക്കപ്പെട്ട ഓഫീസുകളുടെ നെറ്റവർക്കിംഗ് എന്നിവയടങ്ങുന്ന ഒന്നാംഘട്ടത്തിൻറെ ഉദ്ഘാടനം ഫെബ്രുവരിയിൽ

5. കോവളം മുതൽ ചാവക്കാട് വരെയുള്ള റീച്ചിൻറെ സ്ഥലം ഏറ്റെടുക്കലും പുനരധിവാസവും ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ഫെബ്രുവരിയിൽ

6. കൊച്ചി വാട്ടർ മെട്രോയുടെ ഉദ്ഘാടനം ഫെബ്രുവരിയില്

**പൊതുമരാമത്ത് - ഗതാഗതം**

1. ബജറ്റിൽ നിന്നുള്ള വിഭവവിന്യാസത്തിനു പുറമേ കിഫ്ബിയിൽ നിന്ന് പണം മുടക്കി പശ്ചാത്തല സൗകര്യ വികസനത്തിനുള്ള പദ്ധതികൾ തുടരും.

2. എറണാകുളം ബൈപ്പാസിന് 182 കോടി രൂപ ചെലവഴിച്ചുള്ള കുണ്ടന്നൂർ, വൈറ്റില മേൽപ്പാലങ്ങളുടെ ഉദ്ഘാടനം

3. 387.18 കോടി രൂപ ചെലവഴിച്ച നിർമ്മിച്ച ആലപ്പുഴ ബൈപ്പാസ് ഗതാഗതത്തിനായി തുറന്നുകൊടുക്കൽ

4. കാഞ്ഞങ്ങാട് റെയിൽവേ മേൽപ്പാലത്തിൻറെ ഉദ്ഘാടനം

5. വട്ടോളി പാലത്തിൻറെ ഉദ്ഘാടനം

6. അകത്തേത്തറ, ചിറയിൻകീഴ്, മാളിയേക്കൽ, ഗുരുവായൂർ, ചിറങ്ങര, ഇരവിപുരം, വാടാനക്കുറിശ്ശി, താനൂർ - തെയ്യാല, ചേലാരി ചെട്ടിപ്പടി, കൊടുവള്ളി എന്നിങ്ങനെ 252 കോടി രൂപ ചെലവു വരുന്ന 10 റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണോദ്ഘാടനം.

7. 569 കോടി രൂപ ചെലവു വരുന്ന 17 പ്രധാനപ്പെട്ട റോഡുകൾ ഉദ്ഘാടനം

   1. വാമനപുരം ചിറ്റാർ
   2. അയിരക്കുഴി അഞ്ചൽ റോഡ്
   3. കൊട്ടാരക്കര റിംഗ് റോഡ്
   4. പാങ്ങോട് കടയ്ക്കൽ - ചിങ്ങേലി ചടയമംഗലം റോഡ്
   5. വാളകം തടിക്കാട് അട്ടുക്കളമൂല റോഡ്

6. ചങ്ങാനാശ്ശേരി കവിയൂർ റോഡ്

7. ജേക്കബ്സ് റോഡ്

8. ഇലഞ്ഞിമേൽ - ഹരിപ്പാട് റോഡ്

9. ഭഗവതിപ്പടി മല്ലിക്കാട്ടുകടവ് ബാക്ക് വാട്ടർ റോഡ്

10. കോട്ടയ്ക്കൽ - കോട്ടപ്പടി റോഡ്

11. പേരാമ്പ്ര ചെറുവണ്ണൂർ - വടകര റോഡ്

12. കണിയാംപറ്റ മീനങ്ങാടി റോഡ്

13. ചെറുപുഴ മുതുവം റോഡ്

14. കയ്യൂർ - പാലക്കുന്ന് റോഡ്

15. നന്ദാരപ്പടവ് ചേവാർ റോഡ്

16. കളറോഡ് വളവുപാറ റോഡ്

17. തിരുവല്ല ബൈപ്പാസ്

8. റീ-ബിൽഡ് കേരളയുടെ ഭാഗമായി 1613 കോടി രൂപ ചെലവിൽ നിർമ്മിക്കുന്ന റോഡുകളുടെ നിർമ്മാണോദ് ഘാടനം

1. എടൂർ - കച്ചേരിക്കടവ് പാലത്തുംകടവ്
2. ഉറുവാച്ചാൽ - മരുത്തായി
3. കമ്പള - ബദിയടുക്ക - മുള്ളേരിയ
4. കൊയിലാണ്ടി - താമരശ്ശേരി - ഇടവണ്ണ
5. വൈത്തിരി - തരുവണ
6. പാലക്കാട് - പെരിന്തൽമണ്ണ
7. താവളം - മുള്ളി
8. മാനന്തവാടി - പെരിയ
9. മുക്കന്നൂർ - ഏഴാറ്റുമുഖം - ബ്ലാച്ചിപ്പാറ ബാലുശ്ശേരി
10. നെയ്യാശ്ശേരി - തോക്കുംപൻസാഡിൽ
11. നെൻമാറ - നെല്ലിയാംപതി
12. കെടുങ്ങല്ലൂർ - ഷൊർണ്ണൂർ
13. ഗാന്ധിനഗർ - മെഡിക്കൽ കോളേജ്
14. മുട്ടപ്പള്ളി - തലശ്ശേരി കളറോഡ്.

9. പെർഫോമൻസ് ഗ്യാരണ്ടി ഉറപ്പുവരുത്തുന്ന കരാർ പ്രകാരം ഉയർന്ന നിലവാരത്തിൽ നവീകരണം നടക്കുന്ന 18 റോഡുകളുടെ (500 കിലോമീറ്റർ) ഉദ്ഘാടനം

10. ആലപ്പുഴ കെഎസ്ആർടിസി ഗ്യാരേജിൻറെ പണികളുടെ ആരംഭം

11. 145 കോടി രൂപ അടങ്കലുള്ള ആലപ്പുഴ മൊബിലിറ്റി ഹബ്ബിൻറെ ശിലാസ്ഥാപനം.

## ഗതാഗതം

1. 75 പുതിയ കറ്റാമരൻ പാസഞ്ചർ ബോട്ടുകളുടെ നീരണിയൽ ജനുവരി മാസത്തിൽ

2. പുതിയ 3 വാട്ടർ ടാക്സികളുടെയും സോളാർ, വൈദ്യുതി ബോട്ടുകളുടെയും സർവ്വീസ് ആരംഭം

3. കെഎസ്ആർടിസിയുടെ അനുബന്ധ കോർപ്പറേഷനായി കെഎസ്ആർടിസി സ്വിഫ്റ്റ് നിലവിൽ വരും.

4. പത്തനംതിട്ട ബസ് ടെർമിനൽ കോംപ്ലക്സിൻറെയും ബസ് ട്രാക്കിംഗ് ആൻറ് പാസഞ്ചർ ഇൻഫർമേഷൻ സംവിധാനത്തിൻറെയും ഉദ്ഘാടനം

5. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ ഗേറ്റ് കോംപ്ലക്സ് ഉദ്ഘാടനം

## ശാസ്ത്ര-സാങ്കേതിക വകുപ്പ്

1. പാലോട് ബൊട്ടാണിക്കൽ ഗാർഡൻ - ഇക്കോ ടൂറിസം ഇൻഷ്യേറ്റീവ് ൻറെ ആരംഭം

2. നവീകരിച്ച കോൺഫറൻസ് ഹാളിൻറെയും ഗസ്റ്റ് ഹൗസിൻറെയും ഉദ്ഘാടനം

3. ഐറ്റി മേഖലയിലെ വിജ്ഞാനോൽപ്പാദനത്തിൽ നിർണ്ണായക പങ്കുവഹിക്കാൻ പോകുന്ന ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ ഉദ്ഘാടനം ഫെബ്രുവരിയിൽ

4. കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സിൽ സംയോജിത എം.എസ്.സി - പി.എച്ച്.ഡി കോഴ്സ് ആരംഭിക്കും.

5. ടെക്നോസിറ്റിയിൽ ഒരുലക്ഷം ചതുരശ്രയടി വിസ്തീർണ്ണമുള്ള കെട്ടിടത്തിൻറെ പൂർത്തീകരണം.

6. ടെക്നോസിറ്റിയിൽ ഇൻറഗ്രേറ്റഡ് സ്റ്റാർട്ട്അപ്പ് കോംപ്ലക്സ് ഉദ്ഘാടനം.

7. തിരുവനന്തപുരത്ത് യുദ്ധസ്മാരകത്തിൻറെ ശിലാസ്ഥാപനം

## വൈദ്യുതി

1. ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ ഭാഗമായി കോതമംഗലം, ചാലക്കുടി, കലൂർ 220 കെവി സബ്സ്റ്റേഷനുകളുടെ ഉദ്ഘാടനം

2. മാടക്കത്തറ അരീക്കോട് 400 കെവി മൾട്ടി വോൾട്ടേജ് ലൈനുകളുടെ ഉദ്ഘാടനം

3. കുത്താട്ടുകുളം, മാറാടി, 110 കെവി സബ്സ്റ്റേഷനുകളുടെ ഉദ്ഘാടനം

4. വൈദ്യുതി വാഹനങ്ങൾക്കുള്ള ചാർജ്ജിംഗ് സ്റ്റേഷനുകൾ 6 കോർപ്പറേഷൻ പരിധിയിൽ സ്ഥാപിക്കൽ.

5. വൈദ്യുതി പദ്ധതിയിൽ 290 കോടി രൂപയുടെ പദ്ധതികളുടെ പൂർത്തീകരണം

6. ഊർജ്ജക്ഷമത കൂടിയ ഉപകരണങ്ങളുടെ ഒന്നാംഘട്ട വിതരണം

## കൃഷി

1. 750 സഹകരണ ബാങ്കുകളെങ്കിലും കോപ്പ് മാർട്ടുകൾ ആരംഭിക്കുമെന്ന് ഉറപ്പുവരുത്തും.

2. 496 കോടി രൂപയുടെ 46 വിവിധ കൃഷി പദ്ധതികളുടെ ഉദ് ഘാടനം മാർച്ച് 31 നകം

   1. 298 കോടി രൂപ മുതൽമുടക്കുള്ള തൃശ്ശൂർ, പൊന്നാനി കോൾനില അടിസ്ഥാനസൗകര്യ വികസന പരിപാടി
   2. തൃശ്ശൂർ, ഇടുക്കി ജില്ലകളിലെ മണ്ണുസംരക്ഷണ പദ്ധതികൾ
   3. തളിപ്പറമ്പ് മണ്ഡലത്തിലെ 64 കോടി രൂപയുടെ മണ്ണുസംരക്ഷണ പരിപാടി
   4. 25 കോടി രൂപയുടെ കണ്ണാറ അഗ്രോ പാർക്ക് പദ്ധതി
   5. വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിൻറെ 14 പുതിയ എക്കോ ഷോപ്പുകൾ
   6. അഞ്ചൽ ജില്ലാ കൃഷിത്തോട്ടത്തിലെ പഴവർഗ്ഗങ്ങളുടെ മൂല്യവർദ്ധിത യൂണിറ്റ്
   7. പുതിയ എക്കോ ലപ്പേർഡ് പവർ ടില്ലറിൻറെ കമ്മീഷനിംഗ്
   8. ആറ്റിങ്ങൽ ഇൻറഗ്രേറ്റഡ് കോക്കനട്ട് പ്രോസസ്സിംഗ് പ്ലാൻറ്

3. കർഷക ക്ഷേമനിധി ബോർഡിൻറെ ഉദ് ഘാടനം 2021 ജനുവരി മാസത്തിൽ

## റവന്യൂ

1. 10000 പട്ടയങ്ങളുടെ വിതരണം.

2. 16 വില്ലേജ് ഓഫീസുകൾ സ്മാർട്ടാകും.

## പൊതു ജനാരോഗ്യം

1. കോവിഡ് വാക്സിൻ കേരളത്തിൽ എല്ലാവർക്കും സൗജന്യമായി നൽകും.

2. പുതിയതായി 49 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തൽ.

3. 32 കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ / കമ്മ്യൂണിറ്റി / പബ്ലിക് ഹെൽത്ത് സെൻററുകളുടെ അടിസ്ഥാനസൗകര്യം വർദ്ധിപ്പിക്കൽ

4. 53 ജനറൽ / ജില്ല / താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികളിൽ ഡയാലിസിസ്, പുതിയ ഒപി ബ്ലോക്ക് തുടങ്ങിയ കൂടുതൽ ചികിത്സ/പരിശോധനാ സൗകര്യങ്ങളും രോഗിസൗഹൃദ സംവിധാനങ്ങളും നിലവിൽ വരും.

5. ഏറ്റവും മാതൃകാപരമായി പ്രവർത്തിക്കുന്ന പുനലൂർ താലൂക്ക് ആശുപത്രിയുടെ അത്യാധുനിക കെട്ടിടത്തിൻറെയും ചികിത്സാ സംവിധാനങ്ങളുടെയും ഉദ് ഘാടനം

6. എറണാകുളം ജില്ലാ ആശുപത്രി സമുച്ചയത്തിൻറെ ഉദ് ഘാടനം.

7. താലൂക്ക്, ജില്ലാ, മെഡിക്കൽ കോളജ് ആശുപത്രികളിൽ അധിക സൗകര്യങ്ങളുടെ ഉദ്‌ഘാടനം/നിർമ്മാണം ആരംഭം

1. തൈക്കാട് മാതൃ-ശിശു ആശുപത്രിയിൽ പുതിയ ബ്ലോക്ക്
2. വൈക്കം മാതൃ-ശിശു ആശുപത്രിയിലെ പുതിയ ബ്ലോക്ക്
3. കോഴിക്കോട് മാതൃ-ശിശു ആശുപത്രിയിൽ 50 കിടക്കകളുള്ള പുതിയ ബ്ലോക്ക്
4. മാങ്ങാട്ടുപറമ്പ് മാതൃ-ശിശു ആശുപത്രിയിൽ പുതിയ ഇൻഫർട്ടലിറ്റി ട്രീറ്റ്മെൻറ് യൂണിറ്റ്
5. കാഞ്ഞങ്ങാട് പുതിയ മാതൃ-ശിശു സംരക്ഷണ ആശുപത്രി
6. ആലപ്പുഴ ജനറൽ ആശുപത്രിയിലെ നവീകരിച്ച ഒപി സംവിധാനം
7. കാഞ്ഞിരപ്പള്ളി ആശുപത്രിയിലെ പുതിയ കാത്ത് ലാബ്
8. പാല ജനറൽ ആശുപത്രിയിലെ പുതിയ ബ്ലോക്ക്,
9. തൊടുപുഴ ജില്ലാ ആശുപത്രിയിൽ പുതിയ ബ്ലോക്ക്,
10. മൂവാറ്റുപുഴ ജനറൽ ആശുപത്രിയിൽ ഓപ്പറേഷൻ തിയേറ്റർ, പ്രസവമുറി, ഫാർമസി നവീകരണം, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിൻറെ നിർമ്മാണം,
11. കോഴിക്കോട് ജനറൽ ആശുപത്രിയിൽ പുതിയ മൈക്രോളജി ലാബ്, പുതിയ ഒപി ബ്ലോക്ക്
12. മാനന്തവാടി ജില്ലാ ആശുപത്രിയിൽ 'ലക്ഷ്യ' നിലവാരത്തിലുള്ള ലേബർ റൂമും നവീകരിച്ച ഓപ്പറേഷൻ കെട്ടിടവും
13. കണ്ണൂർ ജില്ലാ ആശുപത്രിയിൽ പുതിയ കാത്ത് ലാബ്,
14. തലശ്ശേരി ജനറൽ ആശുപത്രിയുടെ ഓപ്പറേഷൻ തിയേറ്റർ നവീകരണം, ന്യൂബോൺ കെയർ യൂണിറ്റ്
15. കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിലെ കാത്ത് ലാബ്, ന്യൂബോൺ കെയർ യൂണിറ്റ്, നവീകരിച്ച ഒപി വിഭാഗം
16. കാസർഗോഡ് ജില്ലാ ആശുപത്രിയിലെ ന്യൂബോൺ കെയർ യൂണിറ്റ്, പുതിയ ഒപി വിഭാഗം.
17. തിരുവനന്തപുരം എസ്.എ.റ്റിയിൽ ശിശുരോഗ ചികിത്സാ സൂപ്പർ സ്പെഷ്യാലിറ്റി യൂണിറ്റുകൾ.
18. ആർസിസിയിൽ പുതിയ സിറ്റി സ്കാൻ സംവിധാനവും ലീനിയർ ആക്സിലറേറ്ററും.
19. പുലയനാർകോട്ടയിലെ ആർസിസിയുടെ രണ്ടാം കാമ്പസിനുള്ള മാസ്റ്റർപ്ലാൻ.
20. കൊല്ലം മെഡിക്കൽ കോളേജിൽ പുതിയൊരു ട്രോമ കെയർ യൂണിറ്റ്,
21. ആലപ്പുഴ മെഡിക്കൽ കോളേജിൽ പുതിയ പക്ഷാഘാത ബ്ലോക്കിൻറെ നിർമ്മാണോദ്‌ഘാടനം, പുതിയ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിൻറെ നിർമ്മാണം
22. കോട്ടയം മെഡിക്കൽ കോളേജിൽ പുതിയ ലീനിയർ ആക്സിലറേറ്റർ, എംആർഐ തുടങ്ങിയ ചികിത്സാ സംവിധാനങ്ങളും അധിക കെട്ടിട സൗകര്യങ്ങളും

23.'ലക്ഷ്യ'നിലവാരത്തിലുള്ള പുതിയ ലേബർ റൂമും കോട്ടയത്ത് ആരംഭിക്കും.

24. എറണാകുളം മെഡിക്കൽ കോളേജിൽ പുതിയ മലിനജല സംസ്കരണ പ്ലാൻറ്.

25. തൃശ്ശൂർ മെഡിക്കൽ കോളേജിൽ രണ്ട് നിലകളുള്ള കീമോ തെറാപ്പി വാർഡ്, ലേഡീസ് ഹോസ്റ്റൽ, സെൻട്രൽ വെയർഹൗസ് എന്നിവ.

26. കണ്ണൂർ മെഡിക്കൽ കോളേജിൽ പുതിയ ട്രോമ കെയർ സെൻറർ, കാത്ത് ലാബ്, മലബാർ ക്യാൻസർ സെൻററിൽ പുതിയ സ്റ്റാഫ് ക്വാർട്ടേഴ്സ്.

8. നിഷിന്റെ സെൻസറി പാർക്ക്, ബധിരർക്കുള്ള സ്റ്റുഡിയോ എന്നിവയുടെ നിർമ്മാണ പ്രവൃത്തികളുടെ ആരഭം.

9. ഫുഡ്സേഫ്റ്റി കമ്മീഷണറേറ്റിൻറെ പുതിയ മന്ദിരോദ് ഘാടനം.

10. തിരുവനന്തപുരം ആയുർവ്വേദ മെഡിക്കൽ കോളേജിലെ പിജി അക്കാദമിക ബ്ലോക്ക് ഉദ് ഘാടനം

11. പരിയാരം ആയുർവ്വേദ മെഡിക്കൽ കോളേജിലെ വനിതാ-ശിശു ആയുർവ്വേദ ആശുപത്രി പുതിയ മന്ദിരം ഉദ് ഘാടനം

12. ഹോമിയോ മെഡിക്കൽ കോളേജിലെ വനിതാ ഹോസ്റ്റൽ ഉദ് ഘാടനം

13. ആയുർവ്വേദ ആശുപത്രികൾക്കുള്ള അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെയുള്ളവയുടെ ഉദ് ഘാടനം.

14. ആലപ്പുഴയിലെ സഹകരണ ഹോമിയോ മരുന്ന് നിർമ്മാണശാലയായ ഹോംകോയുടെ രണ്ടാംഘട്ട വിപുലീകരണത്തിനുവേണ്ട കെട്ടിടങ്ങളുടെ ഉദ് ഘാടനം

## പൊതു വിദ്യാഭ്യാസം

1. 25 കോടി രൂപ ചെലവിൽ നിർമ്മിച്ച 50 സ്കൂളുകളുടെയും 3 കോടി രൂപ ചെലവിൽ നിർമ്മിച്ച 30 സ്കൂളുകളുടെയുമടക്കം 80 പുതിയ ആധുനിക സ്കൂൾ കെട്ടിടങ്ങളുടെ ഉദ് ഘാടനം.

2. 3 കോടി രൂപയും 1 കോടി രൂപയും മുതൽമുടക്കി നിർമ്മിക്കുന്ന 300 പുതിയ സ്കൂൾ കെട്ടിടങ്ങൾക്ക് തറക്കല്ലിടീൽ

## ഉന്നതവിദ്യാഭ്യാസം

1. എയ്ഡഡ് കോളേജുകളിൽ 721 തസ്തികകൾ സൃഷ്ടിക്കും

2. മഹാരാജാസ്, യൂണിവേഴ്സിറ്റി കോളേജ്, കേരള വർമ്മ കോളേജ് തുടങ്ങി 13 കോളേജുകളിലും എംജി യൂണിവേഴ്സിറ്റി കാമ്പസിലുമായി കിഫ്ബി വഴിയുള്ള 205 കോടി രൂപയുടെ നിർമ്മാണ പ്രവൃത്തികളുടെ തുടക്കം കുറിക്കൽ.

3. എ.പി.ജെ അബ്ദുൾകലാം സർവ്വകലാശാല കാമ്പസിനുള്ള സ്ഥലമെടുപ്പ് പൂർത്തിയാക്കി ശിലാസ്ഥാപനം.

4. മലയാളം സർവ്വകലാശാല ആസ്ഥാന മന്ദിരത്തിൻറെ ശിലാസ്ഥാപനം.

## കായികം

1. കായിക മേഖലയിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ.

    1. ബ്രണ്ണൻ കോളേജിൽ സായി സിന്തറ്റിക് ട്രാക്ക്, സ്റ്റേഡിയം
    2. വിആർ കൃഷ്ണയ്യർ സ്മാരക സ്റ്റേഡിയം, തലശ്ശേരി
    3. ആർഎസ്ആർവി ഗ്രൗണ്ട്, വേലൂർ, തൃശ്ശൂർ
    4. പറളി സ്കൂൾ സ്റ്റേഡിയം
    5. കൊടുമൺ സ്റ്റേഡിയം, പത്തനംതിട്ട
    6. ഇടപ്പാൾ സ്കൂൾ മിനി സ്റ്റേഡിയം
    7. തൂത്താല തിരുമുറ്റക്കോട് സ്കൂൾ ഗ്രൗണ്ട്
    8. കൊട്ടാരക്കര ജിഎച്ച്എസ് ഗ്രൗണ്ട്
    9. പ്രീതികുളങ്ങര മിനി സ്റ്റേഡിയം, ആലപ്പുഴ
    10. രാജാകേശവദാസ് സ്വിമ്മിംഗ് പൂൾ, ആലപ്പുഴ

2. 185 കോടി രൂപ മുതൽ മുടക്കിൽ 9 പുതിയ സ്റ്റേഡിയങ്ങളുടെ ശിലാസ്ഥാപനം.

3. ആലപ്പുഴ ഇഎംഎസ് സ്റ്റേഡിയത്തിന്റെ പുനർനിർമ്മാണോദ്ഘാടനം.

4. ജിവി രാജ സ്പോർട്സ് സ്കൂൾ നവീകരണവും 6 ഫിസിക്കൽ ഫിറ്റ്നസ് സെൻററുകളും ഉദ്ഘാടനവും.

## തദ്ദേശഭരണം

1. 182 കോടി രൂപയുടെ അമൃത് സ്കീമിൽപ്പെട്ട 24 പദ്ധതികളുടെ ഉദ്ഘാടനം

2. 189 കോടി രൂപയുടെ ചെലവു വരുന്ന മറ്റു 37 നഗരവികസന പദ്ധതികളുടെ തുടക്കം.

3. 100 കേന്ദ്രങ്ങളിൽ ടേക്ക് എ ബ്രേക്ക് വഴിയോര വിശ്രമ കേന്ദ്രങ്ങൾ നിർമ്മാണം ആരംഭിക്കൽ

4. 250 പഞ്ചായത്തുകൾകൂടി ശുചിത്വ പദവിയിലേയ്ക്ക് ഉയരും

5. സ്മാർട്ട് സിറ്റി പദ്ധതിയിൽപ്പെടുത്തി തിരുവനന്തപുരം, കൊച്ചി നഗരസഭകളിലായി 190 കോടി രൂപയുടെ വിവിധ പദ്ധതികളുടെ പൂർത്തീകരണം.

6. മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് നവീകരണ പരിപാടിയിൽപ്പെടുന്ന 1620 പ്രവൃത്തികൾ (3598 കിമീ) പൂർത്തീകരണം ജനുവരി 31 നകം.

7. രണ്ടാംഘട്ടത്തിൽപ്പെട്ട 1627 പ്രവൃത്തികൾ (3785 കിമീ) പൂർത്തീകരണം ഫെബ്രുവരി 28 നകം.

8. മൂന്നാംഘട്ടത്തിൽ ഉൾപ്പെട്ട 1625 പ്രവൃത്തികൾ (4421 കിമീ) പൂർത്തീകരണം മാർച്ച് 31 നകം

9. ലൈഫ് പദ്ധതി പ്രകാരം പുതിയ 15,000 വീടുകൾകൂടി മാർച്ച് 31 നകം പൂർത്തീകരണവും 35,000 ഭവനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ തുടക്കം കുറിക്കലും

10. ഭൂമിയും വീടും ഇല്ലാത്തവർക്ക് വീട് വയ്ക്കുന്നതിനായി ലൈഫ് മിഷൻറെ മൂന്നാംഘട്ടത്തിൽ ഏറ്റെടുത്തിട്ടുള്ള 101 ഭവന സമുച്ചയങ്ങളിൽ 5 ഭവന സമുച്ചയങ്ങളുടെ പൂർത്തീകരണം മാർച്ച് 31 ന് മുമ്പ്.

11. 150 ഗ്രാമങ്ങളിൽ ഗ്രാമപഞ്ചായത്തുകൾ വഴി പൊതുജനങ്ങൾക്കു ലഭ്യമാകുന്ന 200 ലധികം സേവനങ്ങൾ പൂർണ്ണമായും ഓൺലൈൻ വഴി നടപ്പിലാകുന്ന ഇൻറഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് മാനേജ്മെൻറ് സിസ്റ്റം എന്ന ഇ-ഗവേണൻസ് സംവിധാനം.

12. കഴിഞ്ഞ നാലു വർഷത്തിനിടെ 41578 കിലോമീറ്റർ നീർച്ചാലുകളും 390 കിലോമീറ്റർ പുഴയും വീണ്ടെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. മാർച്ച് 31 ന് മുമ്പായി ഇത് 50000 കിലോമീറ്ററായി വർദ്ധിപ്പൽ.

13. അയ്യൻകാളി നഗര തൊഴിലുറപ്പ് പരിപാടിയിൽ മാർച്ച് 31 നകം 8 ലക്ഷം തൊഴിൽ ദിനങ്ങൾ

14. കെഎസ്എഫ്ഇയുമായി സഹകരിച്ച് കുടുംബശ്രീ നടപ്പിലാക്കുന്ന ലാപ്ടോപ്പ് വിതരണ പദ്ധതിയുടെ ഉദ് ഘാടനം ഫെബ്രുവരിയിൽ.

15. എറണാകുളത്ത് ബയോമെഡിക്കൽ മാലിന്യ സംസ്കരണ പൊതുകേന്ദ്രത്തിനു തുടക്കം

16. കുടുംബശ്രീയുടെ നേതൃത്വത്തിൽ 500 കയർ & ക്രാഫ്റ്റ് സ്റ്റാളുകളുടെ ഉദ് ഘാടനം.

## ജലവിഭവം

1. കിഫ്ബി ജലവിതരണ പദ്ധതികളുടെ ഉദ് ഘാടനം.

   1. പട്ടാഴി, വടക്കേക്കര, മൈലം, തലവൂർ പഞ്ചായത്ത് കുടിവെള്ള പദ്ധതി രണ്ടാംഘട്ടം,
   2. കൊഴിഞ്ഞാംപാറ, വടകരപ്പതി, എരുത്തേംപതി കുടിവെള്ള പദ്ധതി ഒന്നാംഘട്ടം,
   3. പൊന്നാനി കുടിവെള്ള പദ്ധതി ഒന്നാംഘട്ടം,
   4. താനൂർ കുടിവെള്ള പദ്ധതി ഒന്നാംഘട്ടം (കിഫ്ബി പദ്ധതികൾ)
   5. തൃപ്പൂണ്ണിത്തറ കുടിവെള്ള പദ്ധതി
   6. സുൽത്താൻബത്തേരി നൂൽപ്പുഴ മുട്ടിൽ കുടിവെള്ള പദ്ധതി ഒന്നാംഘട്ടം

## തൊഴിൽ വകുപ്പ്

1. വയനാട്ടിലെ തോട്ടം തൊഴിലാളികളുടെ വീടുകളുടെ ശിലാസ്ഥാപനം

2. കുളത്തൂപ്പുഴ പ്ലാൻറേഷൻ തൊഴിലാളികളുടെ വീടുകളുടെ താക്കോൽദാനം

3. ഒഡെപക്കും കെയ്സും സംയുക്തമായി അങ്കമാലിയിൽ ആരംഭിച്ച സ്കിൽ സെൻറർ ഉദ് ഘാടനം

4. എസ്.സി-എസ്.റ്റി വിദ്യാർത്ഥികൾക്കുള്ള സമന്വയ പരിശീലന പദ്ധതിയുടെ ഉദ് ഘാടനം.

5. മുതിർന്ന പൗരൻമാർക്കുള്ള നവജീവൻ തൊഴിൽ പദ്ധതി.

6. മേനംകുളത്ത് സ്ത്രീ തൊഴിലാളികൾക്കായുള്ള അപ്പാർട്ട്മെൻറിൻറെ ശിലാസ്ഥാപനം.

## തീരദേശ വികസനം

1. ചെല്ലാനം, താനൂർ, വെള്ളിയിൽ എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ കമ്മീഷനിംഗ്.

2. ചെത്തി മത്സ്യബന്ധന തുറമുഖ നിർമ്മാണത്തിനു തറക്കല്ലിടീൽ.

3. തലായി മത്സ്യബന്ധന തുറമുഖത്തോട് അനുബന്ധിച്ചുള്ള തീരസംരക്ഷണം, നീണ്ടകര തുറമുഖത്തിൽ ഡ്രഡ്ജിംഗ്, തങ്കശ്ശേരി മത്സ്യബന്ധന തുറമുഖ നവീകരണം എന്നിവയുടെ നിർമ്മാണോദ്ഘാടനം.

4. 60 കോടി രൂപ മുതൽമുടക്കിൽ 9 തീരദേശ ജില്ലകളിൽ പൂർത്തിയാകുന്ന 87 തീരദേശ റോഡുകളുടെ ഉദ്ഘാടനം.

5. തീരദേശത്ത് നിശ്ചിത പരിധിക്കുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സ്ഥലം കണ്ടെത്തി അവർക്ക് വാസയോഗ്യമായ വീടുകൾ നിർമ്മിച്ചു നൽകുന്നതിനുള്ള പുനർഗേഹം പദ്ധതി പ്രകാരം കാരോട്, ബീമാപ്പള്ളി, വലിയതുറ, കൊല്ലം ക്യൂഎസ്എസ് കോളനി, പൊന്നാനി ഫ്ലാറ്റ്, ആലപ്പുഴ പുറക്കാട്, കോഴിക്കോട് വെസ്റ്റ് എന്നിവിടങ്ങളിലായി 774 കുടുംബങ്ങൾക്കുള്ള ഫ്ലാറ്റുകൾ / വീടുകൾ ഉദ്ഘാടനം.

6. തീരദേശ വികസന കോർപ്പറേഷൻറെ ആഭിമുഖ്യത്തിൽ തീരദേശ സ്കൂളുകളുടെ പുതിയ കെട്ടിടങ്ങളും നവീകരണ പ്രവൃത്തികളും ഉദ്ഘാടനം

1. ബേപ്പൂർ എച്ച്എസ്എസ്,
2. അഴിയൂർ ഗവ. എച്ച്എസ്എസ്
3. പുതിയാപ്പ ഫിഷറീസ് എച്ച്എസ്എസ്
4. പുതിയങ്ങാടി ഗവ. മോഡൽ സ്കൂൾ
5. അഴീക്കൽ ഫിഷറീസ് സ്കൂൾ
6. അടുക്കത്തുബയൽ കസബ ഗവ. യുപിഎസ്
7. കുണ്ടറ പേരൂർ എംവിജി എൽപിഎസ്
8. പുത്തൻതുറ കെഎസ് എച്ച്എസ്എസ്

7. പുതിയ കെട്ടിടങ്ങളുടെ ഉദ്ഘാടനം / നിർമ്മാണോദ്ഘാടനം

1. വർക്കല ഗവ. ആശുപത്രി
2. കടയ്ക്കാവൂർ തീരദേശ ആശുപത്രി
3. കുമ്പളം ലൈവ്ലിഹുഡ് സപ്പോർട്ട് സ്കീം
4. കൊല്ലം കൊറ്റംകര പിഎച്ച്സി
5. പള്ളിക്കര പിഎച്ച്സി
6. പെരിനാട് ആയുർവ്വേദ ആശുപത്രി
7. പടന്ന വിപികെ സ്മാരക പിഎച്ച്സി

8. പേരയം പിഎച്ച്സി

9. നായരമ്പലം ആയുർവ്വേദ ആശുപത്രി

8. മത്സ്യബന്ധന യാനങ്ങളുടെയും എഞ്ചിനുകളുടെയും ഇൻഷ്വറൻസ് പദ്ധതിയ്ക്ക തുടക്കം

9. രണ്ട് മറൈൻ ആംബുലൻസുകൾ.

10. കമ്മീഷൻ ചെയ്യപ്പെടുന്ന പ്രവർത്തികൾ

1. സഹകരണ വകുപ്പുമായി ചേർന്ന് 29 ഹൈടെക് മാർക്കറ്റുകൾ

2. മത്സ്യഫെഡ്ഡിൻറെ നേതൃത്വത്തിൽ 8 പുതിയ മത്സ്യ മാർക്കറ്റുകൾ

3. കോഴിക്കോട്, തൃശ്ശൂർ, മലപ്പുറം ജില്ലകളിൽ പുതിയ മത്സ്യസംഭരണ കേന്ദ്രങ്ങൾ

11. വളഞ്ഞവഴിയിൽ ആറ്റുകൊഞ്ച് ഹാച്ചറി, പന്നിവേലിച്ചിറ ഫിഷ് ഹാച്ചറി, കുളത്തുപ്പുഴ, കണത്താർക്കുന്നം ഫിഷ് സീഡ് ഫാമുകൾ എന്നിവയുടെ ഉദ് ഘാടനവും ജനുവരി മാസത്തിൽ

12. പൂന്തുറ ഓഫ് ഷോർ ബ്രേക്ക് വാട്ടർ നിർമ്മാണോദ് ഘാടനം.

## പട്ടികജാതി പട്ടികവർഗ്ഗം

1. 3000 പഠനമുറികളുടെ പൂർത്തീകരണം

2. 1620 പേർക്ക് ഭൂമി വാങ്ങുന്നതിനായി ധനസഹായം.

3. പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ വഴി 2000 പേർക്ക് സ്വയംതൊഴിൽ വായ്പ

4. പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകൾ / അക്കാദമിക് ബ്ലോക്കുകൾ ഉദ് ഘാടനം

1. ബേദഡുക്കയിൽ പെൺകുട്ടികൾക്കുള്ള പ്രീ-മെട്രിക് ഹോസ്റ്റൽ

2. നാട്ടുകാണി ഐഐറ്റി ഹോസ്റ്റൽ

3. കുറ്റിക്കോൽ പ്രീ-മെട്രിക് ഹോസ്റ്റൽ

4. ഇടുക്കി കോടാലിപ്പാറ പോസ്റ്റ്-മെട്രിക് ഹോസ്റ്റൽ

5. മുള്ളൻകൊല്ലി പ്രീ-മെട്രിക് ഹോസ്റ്റൽ

6. ആറാളം പെൺകുട്ടികൾക്കുള്ള പ്രീ-മെട്രിക് ഹോസ്റ്റൽ

7. കുളത്തുപ്പുഴ, അട്ടപ്പാടി മോഡൽ റെസിഡൻറ് ഷ്യൽ സ്കൂൾ ലാബുകൾ

5. 3500 പേർക്ക് വനാവകാശ രേഖ

6. 2500 പേർക്ക് നിക്ഷിപ്ത വനഭൂമിയിലുള്ള അവകാശ

7. 300 പേർക്ക് ലാൻറ് ബാങ്ക് പദ്ധതി പ്രകാരം കൃഷി ഭൂമി

8. 4800 പട്ടികവർഗ്ഗ വീടുകളുടെ പൂർത്തീകരണം.

## പ്രവാസി ക്ഷേമം

1. തിരിച്ചെത്തിയ പ്രവാസികൾക്കുള്ള ക്ഷേമ പദ്ധതികൾക്കായുള്ള പ്രോജക്ടുകളുടെ പ്രഖ്യാപനം ജനുവരി, 2021 ൽ.

## വനം

1. തിരുവനന്തപുരം ജില്ലയിലെ 108 കുടുംബങ്ങൾക്ക് 16 കോടി രൂപ നഷ്ടപരിഹാരം നൽകി അവരുടെ 17 ഹെക്ടർ ഭൂമി ഏറ്റെടുത്തു കൊണ്ട് ഉൾവനങ്ങളിൽ താമസിക്കുന്ന ആദിവാസിയേതര കുടുംബങ്ങളുടെ സ്വയംസന്നദ്ധ പുനരധിവാസ പരിപാടി.

2. കോട്ടൂർ ആന പരിപാലന കേന്ദ്രം ഒന്നാംഘട്ടം പൂർത്തീകരണം.

## ആഭ്യന്തര വകുപ്പ്

1. തിരുവനന്തപുരം സൈബർ ഡോം കെട്ടിടം ഉദ്ഘാടനം

2. ക്രൈംബ്രാഞ്ച് കോംപ്ലക്സ് ഉദ്ഘാടനം

3. മൂന്നാം ഡിസ്ട്രിക്റ്റ് ട്രെയിനിംഗ് സെൻറർ ഉദ്ഘാടനം

4. വിവിധ ജില്ലകളിലെ ഡിസ്ട്രിക്റ്റ് കമാൻഡൻറ് കൺട്രോൾ സെൻററുകൾ ഉദ്ഘാടനം

5. ആലുവ പൊലീസ് സ്റ്റേഷൻ കെട്ടിടം ഉദ്ഘാടനം

6. കൊച്ചിയിലെ സ്മാർട്ട് പൊലീസ് സ്റ്റേഷൻ ഉദ്ഘാടനം.

7. സ്ത്രീകളുടെ സുരക്ഷയ്ക്ക് വേണ്ടിയുള്ള ഇൻറഗ്രേറ്റഡ് വിമൻ സെക്യൂരിറ്റി ആപ്പ് പുറത്തിറക്കൽ.

8. തനിച്ചു താമസിക്കുന്ന മുതിർന്ന പൗരൻമാർക്കുള്ള വി-കെയർ പദ്ധതി.

Section Officer